(ബി) സാധാരണ ജനങ്ങൾക്ക് സംസ്കൃതത്തിലും ആ ഭാഷയിലെ അമൂല്യ ഗ്രന്ഥങ്ങളിലും അറിവ് പകരുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ ഇതിനായി പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) സംസ്കൃത വിദ്യാഭ്യാസത്തിന്റെ പ്രോൽസാഹനത്തിനും സംസ്കൃത ഭാഷയുടെ പോഷണത്തിനുമായി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി ആൻഡ് സി) സാധാരണ ജനങ്ങൾക്ക് സംസ്കൃതത്തിലും ആ ഭാഷയിലെ അമൂല്യ ഗ്രന്ഥങ്ങളിലും അറിവ് പകരുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. 36 വിദ്യാഭ്യാസ ജില്ലകളിലായി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള 'പ്രാരംഭ' മുതിർന്നവർക്കുള്ള 'അനൗപചാരിക' എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾ കഴിഞ്ഞ നാലു വർഷമായി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല നടപ്പിലാക്കി വരുന്നു. 2004-2005 വർഷത്തെ കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ് ഉപയോഗിച്ച് 1000 ഹൈസ്കൂളുകളിൽ സംസ്കൃതം അദ്ധ്യാപകരെ നിയമിച്ച് സ്കൂൾ വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വേണ്ടി 1 വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടപ്പിലാക്കി വരുന്നു.

2. സംസ്കൃത ഭാഷയിലെ അമൂല്യ ഗ്രന്ഥങ്ങളിലെ അറിവ് സാധാരണ ജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ലഭിക്കുന്നതിനുവേണ്ടി സർവ്വകലാശാല താളിയോല ഗ്രന്ഥങ്ങളും സംസ്കൃത ഭാഷയിലെ പുരാതന ഗ്രന്ഥങ്ങളും മാസികകളും ശേഖരിക്കുകയും ഇതിനായി ഒരു ആർക്കിവിയൽ ലൈബ്രറി രൂപീകരിക്കുകയും ചെയ്തു. ഇപ്രകാരം ലഭിച്ച ഗ്രന്ഥങ്ങളുടെ സംരക്ഷണത്തിനും ഡിജിറ്റലൈസേഷനും വേണ്ടിയുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചു വരുന്നു. ആയുർവേദം, തന്ത്രശാസ്ത്രം, മൃഗചികിൽസ, സാഹിത്യം, വാസ്തുവിദ്യ എന്നിങ്ങനെ വിവിധ മേഖലകളിലായി 170-ഓളം താളിയോല ഗ്രന്ഥങ്ങൾ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. ഡിജിറ്റലൈസേഷന്റെ ഭാഗമായി 1000-ത്തിലധികം ഗ്രന്ഥങ്ങൾ കണ്ടെടുത്ത് ഉടമസ്ഥരിൽനിന്നും സമ്മതപത്രം വാങ്ങിയിട്ടുണ്ട്.

3. സംസ്കൃതം എല്ലാവരിലും എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്കൃത സാക്ഷരത പദ്ധതി നടപ്പിലാക്കുവാൻ സർവ്വകലാശാല ഉദ്ദേശിക്കുന്നു. ഇതിനായുള്ള പദ്ധതികൾക്ക് സർവ്വകലാശാല രൂപം നൽകിവരുന്നു.

ഹയർസെക്കണ്ടറി തലത്തിൽ പരീക്ഷയ്ക്ക് ഗ്രേഡിംഗ്

17 [239] ശ്രീ. മഞ്ഞളാംകുഴി അലി:
,, കോടിയേരി ബാലകൃഷ്ണൻ:
,, എ. കെ. ബാലൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഹയർ സെക്കണ്ടറി തലത്തിൽ പരീക്ഷയ്ക്ക് ഗ്രേഡിംഗ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതു വർഷം മുതലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഹയർ സെക്കണ്ടറി തലത്തിൽ ഗ്രേഡിംഗ് നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലനം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ടോ;

(സി) ഹയർ സെക്കണ്ടറി തലത്തിലെ അദ്ധ്യാപക പരിശീലന പരിപാടികളുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; അദ്ധ്യാപക പരിശീലനത്തിന് സംസ്ഥാന സർക്കാരിന്റെ കീഴിൽ എസ്.സി.ഇ.ആർ.ടി. നിലവിലുള്ളപ്പോൾ പരിശീലനം മറ്റ് ഏജൻസികളെ ഏൽപ്പിക്കാനുള്ള കാരണം വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2005-2006 വർഷം മുതൽ.

(ബി) ഗ്രേഡിംഗ് സംബന്ധിച്ച അദ്ധ്യാപക പരിശീലനം എസ്.സി.ഇ.ആർ.ടി.-യുടെ ചുമതലയിൽ 2005 ജൂലായ് 15 മുതൽ 29 വരെ വിവിധ കേന്ദ്രങ്ങളിൽ വച്ചു നടക്കുന്നതാണ്.

(സി) ഹയർ സെക്കണ്ടറി തലത്തിൽ അദ്ധ്യാപക പരിശീലനത്തിന് നിലവിൽ രണ്ട് ഏജൻസികളാണുള്ളത്. ഫാക്കൽറ്റി തലത്തിൽ എസ്.സി.ഇ.ആർ.ടി.-യും സ്കൂൾ മാനേജ്മെന്റ്, ഓഫീസ് നടപടിക്രമങ്ങൾ എന്നിവയ്ക്ക് ഐ.എം.ജി.-യും ആണുള്ളത്. മറ്റു ഏജൻസികളെയൊന്നും നിലവിൽ ഹയർ സെക്കണ്ടറി അദ്ധ്യാപക പരിശീലനത്തിന്റെ ചുമതല ഏൽപ്പിച്ചിട്ടില്ല.

കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ ഘടനയും പ്രവർത്തന ലക്ഷ്യവും

18 [240] ശ്രീ. പി. സി. ജോർജ്ജ്:
,, കെ. രാധാകൃഷ്ണൻ:
,, ടി. പി. രാമകൃഷ്ണൻ:
,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ ഘടനയും, പ്രവർത്തനലക്ഷ്യവും വ്യക്തമാക്കുമോ;

(ബി) ഈ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ തുക എത്രയാണ്;

(സി) ഈ തുക സ്വരൂപിച്ചത് ഏതുപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പ്രോജക്ടിന്റെ അധികാരങ്ങൾ ഇപ്പോൾ ജില്ലാ കളക്ടർമാർക്ക് നൽകുവാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ;

(ഇ) ഈ പ്രോജക്ട് ഏറെടുത്ത പ്രവൃത്തികളും അതിന്റെ പുരോഗതിയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ പ്രോജക്ട് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കി വരുന്ന പ്രോജക്ടാണ്. തിരുവനന്തപുരം കേന്ദ്രമാക്കി ഒരു Project Management Team (PMT) ഓഫീസും 2 മേഖലാ ഓഫീസുകളും

LIBRARY ARCHIVES Kerala Legislative Assembly